# 2026-27 സാമ്പത്തിക വർഷത്തെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗദീപം സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം

2026-27 സാമ്പത്തിക വർഷം സർക്കാർ സ്കൂൾ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെപഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കായി (മുസ്ലിം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും) , സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി മാർഗ്ഗദീപം സ്കോളർഷിപ്പ് അനുവദിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. 1,500/- രൂപയാണ് സ്കോളർഷിപ്പ് തുകയായി ഒറ്റത്തവണയായി ഒരു വർഷം അനുവദിക്കുന്നത്.

കുടുംബവാർഷിക വരുമാനം 2,50,000/- രൂപ കവിയാൻ പാടില്ല. സ്കോളർ ഷിപ്പിന്റെ 30% പെൺകുട്ടികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, എന്നാൽ മതിയായ പെൺകുട്ടികളുടെ അപേക്ഷകൾ ഇല്ലെങ്കിൽ ആൺകുട്ടികളെ പരിഗണിക്കുന്നതാണ്.

നിശ്ചിത ഫോർമാറ്റിലുള്ള ആപ്ലിക്കേഷൻ ഫോം സ്ഥാപന മേധാവി ന്യൂനപക്ഷ ക്ഷേമ പോർട്ടലിൽ (www.margadeepam.kerala.gov.in) നിന്ന് അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്തു ലഭ്യമാക്കേണ്ടതാണ്.

മാർഗ്ഗദീപം പോർട്ടലിൽ അപേക്ഷകളിലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപനത്തിലെ ക്ലർക്കിന്റെ ചുമതലയാണ്.

പോർട്ടലിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി വിദ്യാർഥികൾക്കു അവസരം നൽകേണ്ടതും ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷകൾ സ്ഥാപനതലത്തിൽ തന്നെ സ്ഥാപന മേധാവി ഓൺലൈൻ വെരിഫിക്കേഷനും അപ്രൂവലും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

അതോടൊപ്പം വിദ്യാർഥികളിൽ നിന്നും മതിയായ എല്ലാ രേഖകളോടൊപ്പം അപേക്ഷകൾ കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്തി സ്ഥാപനത്തിൽ സൂക്ഷിക്കുകയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ടു കാണുന്നില്ലെങ്കിൽ സമയബന്ധിതമായി ആയത് സമർപ്പിക്കാൻ അപേക്ഷകരെ യഥാസമയം സ്ഥാപനമേധാവി അറിയിക്കേണ്ടതും, സംശയങ്ങൾ ദൂരീകരിക്കേണ്ടതുമാണ്.

## യോഗ്യത

1. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂൾ /സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കാണ് (മുസ്ലിം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സ്കോളർഷിപ് അനുവദിക്കുന്നത്.
2. കുടുംബവാർഷിക വരുമാനം 2,50,000/- രൂപ കവിയാൻ പാടില്ല.
3. അപേക്ഷകർ കേരളത്തിലുള്ള സ്ഥിര താമസക്കാരായിരിക്കണം.
4. 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, എന്നാൽ മതിയായ പെൺകുട്ടികളുടെ അപേക്ഷകൾ ഇല്ലെങ്കിൽ ആൺകുട്ടികളെ പരിഗണിക്കുന്നതാണ്.
5. ഒരു കുടുംബത്തിൽ നിന്നും രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്

അർഹതയുണ്ടായിരിക്കുന്നതല്ല.

6. അപേക്ഷ പരിശോധനയിൽ ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് സ്ഥാപന മേധാവി റേഷൻ കാർഡിലെ പേരുവിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. അപ്രകാരം ഒരേ കുടുംബത്തിലെ മൂന്നാമതായി സ്കോളർഷിപ്പിനുള്ള അപേക്ഷ ലഭിക്കുന്നപക്ഷം ടി അപേക്ഷ പ്രിൻസിപ്പൽ നിരസിക്കേണ്ടതാണ്.
8. ഈ സ്കീമിനു കീഴിൽ ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥിക്കു മറ്റു സ്കീമുകളിലെ / സ്കോളർഷിപ് ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പാടുള്ളതല്ല.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (pdf രൂപത്തിൽ)**

1. വരുമാന സർട്ടിഫിക്കറ്റ്
2. മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. ബാങ്ക് പാസ് ബുക്ക് പകർപ്പ്
4. ബാധകമെങ്കിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് (40% നും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം)
5. ബാധകമെങ്കിൽ അച്ഛനോ/ അമ്മയോ/ രണ്ടുപേരും മരണപ്പെട്ടിട്ടുണ്ടെങ്കിൽ മരണ സർട്ടിഫിക്കറ്റ്.
6. 2025-26 അക്കാഡമിക വർഷത്തെ ഗ്രേഡ് ഷീറ്റിൻ്റെ പകർപ്പ്.

**മറ്റ് വിവരങ്ങൾ**

1. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കു അവരുടെ പേരിൽ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ ആധാറുമായി ബന്ധിപ്പിച്ച അക്കൗണ്ട് ഉണ്ടായിരിക്കണം, കൂടാതെ സ്കോളർഷിപ് ട്രഷറിയിൽ നിന്നും ഡിബിടി (നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം) വഴി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.
2. 2025-26 അക്കാഡമിക വർഷം ലഭിച്ച ഗ്രേഡിൻ്റെ ഇൻഡക്സ് പോയിന്റെ അടിസ്ഥാനത്തിലായിരിക്കും രണ്ട് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ അക്കാഡമിക മികവ് കണക്കാക്കുന്നത്.
3. ഒന്നാം ക്ലാസ് കുട്ടികൾക്ക് അക്കാഡ മിക മാർക്കുകൾ അർഹത മാനദണ്ഡമായി പരിഗണിക്കപ്പെടുന്നതല്ല; വരുമാനത്തിൻ്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് .അനുവദിക്കുന്നത്
4. ശാരീരിക/മാനസിക വെല്ലുവിളികൾ (40% നും അതിനു മുകളിലും വെല്ലുവിളികളുള്ള വിദ്യാർത്ഥി) പ്രത്യേക സൂചിക മാർക്ക് ചേർത്ത് മുൻഗണന നൽകുന്നതാണ്.
5. അച്ഛനോ/അമ്മയോ അല്ലെങ്കിൽ രണ്ടുപേരും മരിച്ചുപോയ വിദ്യാർഥികൾക്കു പ്രത്യേക സൂചിക മാർക്കു നൽകുന്നതാണ്.
6. തെറ്റായ പ്രസ്താവനയിലൂടെ ഒരു വിദ്യാർഥി സ്കോളർഷിപ്പ് നേടിയതായി കണ്ടെത്തിയാൽ, ആ വിദ്യാർഥിയുടെ സ്കോളർഷിപ്പ് ഉടനടി റദ്ദാക്കുകയും നൽകിയ സ്കോളർഷിപ്പ് തുക 18 ശതമാനം പലിശ ഉൾപ്പെടെ വീണ്ടെടുക്കുകയും ചെയ്യുന്നതാണ്.
7. ഒരു തവണ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥിക്ക് അടുത്ത അക്കാഡമിക വർഷം ആനുകൂല്യം ലഭിക്കണമെങ്കിൽ പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്

**വിദ്യാർഥികളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡം പട്ടികയാക്കി താഴെ സൂചിപ്പിക്കുന്നു.**

| ക്രമ.നം | വിഭാഗം | മാർക്കുകൾ |
|---|---|---|
| 1 | കുടുംബ വാർഷിക വരുമാനം | **പരമാവധി 10** |
| | | ഫോർമുല = (2,50,000-യഥാർത്ഥ വരുമാനം) / 25,000) |

| | | |
|---|---|---|
| | | |
| 2 | അക്കാദമിക് മികവ് (മുൻവർഷത്തെ) | **പരമാവധി 12** |
| | | A = 12 |
| | | B = 10 |
| | | C =8 |
| | | D = 6 |
| 3 | മാതാപിതാക്കളെ നഷ്ടപ്പെട്ട വിദ്യാർത്ഥികൾ | **പരമാവധി** 4 |
| | | രണ്ടുപേരും മരണപ്പെട്ടവർ = 4 |
| | | ഒരാൾ മാത്രമാണെങ്കിൽ = 2 |
| 4 | ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ (40% വൈകല്യം) | 4 |
| | **ആകെ** | **30** |

**<u>അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു:</u>**

| **വിവരണം** | **തീയതി** |
|---|---|
| സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്ന തീയതി | 01-09-2026 |
| വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 30-09-2026 |
| സ്ഥാപന മേധാവി അപേക്ഷകൾ പരിശോധന നടത്തി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി | 15-10-2026 |

DEVIDAS N IAS

Digitally signed by
DEVIDAS N
Date: 03-09-2026
17:47:19

DIRECTOR